## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **13.06.2019 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 2019**

### ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം സംസ്ഥാന താല്പര്യങ്ങൾക്ക് എതിരാണെന്ന കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) | പ്രസ്തുത കമ്പനിയുടെ ഷെയറുകൾ ഏറ്റെടുത്ത് അതിനെ പൊതുമേഖലയിൽ നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ; | (ബി) & (സി) | HNL ന്റെ ആസ്തി ബുക്ക് വാല്യൂ നിരക്കിൽ സംസ്ഥാനം സ്വമേധയാ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കാണിച്ച് 27.10.2018 ൽ ചീഫ് സെക്രട്ടറി കേന്ദ്രസർക്കാരിന് കത്ത് അയച്ചിട്ടുള്ളതാണ്. എച്.എൻ.എൽ-ൻെറ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള തീരുമാനം നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ എടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ്സിഡിയറി കമ്പനിയായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംസ്ഥാന സർക്കാർ സ്ഥാപനം ഏറ്റെടുത്ത് നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |
| (സി) | ധനകാര്യ സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യം ഉണ്ടാക്കി നിലവിലുള്ള കടബാധ്യത തീർത്തും 450 കോടി രൂപ നവീകരണത്തിനായി ലഭ്യമാക്കിയും കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ